മൂന്നാറിലേക്ക് പോകേണ്ട വഴികൾ

മൂന്നാറിലെ മലനിരകളുടെ ഉയരമാണ് തങ്ങളുടെ ചായയുടെ രുചിക്ക് കാരണമെന്ന കണ്ണൻ ദേവൻ തേയിലയുടെ പരസ്യവാചകം നല്ല കയ്പോടുകൂടിയല്ലാതെ ഇന്ന് ആർക്കും ദഹിക്കാൻ വഴിയില്ല. 'പണിയെടുപ്പത് നാങ്കള്, കൊള്ളയടിപ്പത് നീങ്കള്' എന്ന ഹൃദയത്തിൽ നിന്നുയർന്നുവന്ന മൂന്നാറിലെ സ്ത്രീതൊഴിലാളികളുടെ ആ മുദ്രാവാക്യമാണ് സമരത്തിന്റെ അലയൊലികൾ അടങ്ങിയിട്ടും ഇപ്പോഴും കേരളത്തിൽ നിറഞ്ഞുനിൽക്കുന്നത്. പതിറ്റാണ്ടുകളായി തുടരുന്ന കടുത്ത അനീതികൾ അവർ തുറന്നുകാട്ടിയതോടെ കേരളമൊന്നടങ്കം ഞെട്ടിത്തരിച്ചുകൊണ്ട് ആ സമരത്തിന് പിന്തുണ നൽകി. കേവലം ഒരു തൊഴിൽ സമരം എന്നതിനപ്പുറമുള്ള രാഷ്ട്രീയമാനങ്ങളിലേക്ക് മൂന്നാറിലെ സ്ത്രീകളുടെ ഒരുമ ഉയർന്നു. വ്യവസ്ഥാപിത സമരരൂപങ്ങളെയും സംഘടനകളെയും നിരാകരിച്ച ഒരു ജനതയുടെ രാഷ്ട്രീയോർജ്ജത്തെക്കുറിച്ച്, സ്ത്രീകളുടെ സംഘശക്തിയെക്കുറിച്ച് ഏറെ വ്യാഖ്യാനങ്ങളുണ്ടായി. ഐക്യദാർഢ്യപ്രവാഹങ്ങൾ പലരൂപങ്ങളിലും മൂന്നാറിലേക്ക് ഒഴുകിയെത്തി. പരമ്പരാഗത ട്രേഡ്യൂണിയൻ പ്രസ്ഥാനങ്ങൾ പുനർചിന്ത എന്ന വാക്ക് പൊടിപിടിച്ച നിഘണ്ടുവിൽ നിന്നും കണ്ടെടുത്തു. ഈ നിർണ്ണായക ഘട്ടത്തിൽ നിന്നും ഇനി എവിടേക്കാണ് മൂന്നാർ ഉയർത്തിയ മുദ്രാവാക്യങ്ങൾ നീങ്ങേണ്ടത്? കേവലം സഹാനുഭാവത്തിനപ്പുറം പൊതുസമൂഹത്തിൽ നിന്നും മൂന്നാർ പ്രതീക്ഷിക്കുന്നത് ഫലപ്രദമായ തുടർ ഇടപെടലുകളാണ്.

തോട്ടങ്ങൾ എന്ന കൊളോണിയൽ വികസന സങ്കൽപ്പം തന്നെ സാമ്പത്തികമായും പാരിസ്ഥിതികമായും തകർന്നടിഞ്ഞുകൊണ്ടിരിക്കുന്ന ഒരു കാലത്ത് ഘടനാപരമായ ഒരു പുനർചിന്ത മൂന്നാർ ഉയർത്തിയ കാര്യങ്ങളിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. നാണ്യവിളത്തോട്ടങ്ങൾ വ്യാപിപ്പിച്ചാൽ ആഭ്യന്തരവരുമാനം വർദ്ധിക്കുമെന്നും തോട്ടങ്ങൾ ഒരുപാട് പേർക്ക് തൊഴിൽ നൽകുമെന്നും വിശ്വസിച്ച 19-ാം നൂറ്റാണ്ടിലെ വികസന സങ്കൽപ്പങ്ങൾ തന്നെ ചേദ്യം ചെയ്യപ്പെടുന്നതിന്റെ ലക്ഷണങ്ങളാണ് മൂന്നാറിൽ കണ്ടത്. ഭൂപരിഷ്കരണ നിയമത്തിൽ നിന്നും തോട്ടങ്ങൾ ഒഴിവാക്കപ്പെട്ടത് പുരോഗതിയുടെയും തൊഴിലിന്റെയും പേരുപറഞ്ഞുള്ള ഇതേ കാരണത്താലാണ്. എന്നാൽ ഇത്രകാലവും തോട്ടങ്ങൾ ലാഭകരമായി നിലകൊണ്ടിരുന്നത് കൊളോണിയൽ ഭരണകാലത്ത് നിലനിന്നിരുന്ന അതേ അടിമവ്യവസ്ഥയെ നിലനിർത്തിക്കൊണ്ടായിരുന്നു എന്ന സത്യത്തെ മൂന്നാർ സമരം നമുക്ക് മുന്നിൽ തുറന്നിടുന്നു. രണ്ട് കാര്യങ്ങളിലേക്ക് ഈ സന്ദർഭത്തെ കൂട്ടിച്ചേർക്കേണ്ടതുണ്ട്. ഒന്ന് ഭൂമിയിന്മേലുള്ള ഭൂരഹിതരുടെ അവകാശവുമായും ഭൂവിനിയോഗരീതിയുമായും ബന്ധപ്പെട്ടും മറ്റൊന്ന് കൃഷിയും ഭക്ഷ്യ സ്വയംപര്യാപ്തതയുമായി ബന്ധപ്പെട്ടും. ഭൂപരിഷ്കരണം നിയമപരമായി നടപ്പിലാക്കിയിട്ടും ഭൂരഹിതർ ഭൂരഹിതരായിത്തന്നെ തുടരുന്ന ദയനീയാവസ്ഥയാണ് കേരളത്തിലുള്ളത്. അതുകൊണ്ടുതന്നെ തൊണ്ണൂറുകൾക്ക് ശേഷം ഇവിടെ ഉയർന്നുവന്ന എല്ലാ ജനകീയസമരങ്ങളും ഭൂമിയുടെ അവകാശം എന്ന രാഷ്ട്രീയ പ്രശ്നവുമായി പലവിധത്തിൽ ബന്ധിതമാണ്, ഇപ്പോൾ മൂന്നാറും. ചെങ്ങറയിലെ ഭൂസമരത്തിലും ആറളം ഫാമിൽ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമിപതിച്ചു നൽകിയപ്പോഴും എതിർപ്പുമായി അണിനിരന്ന ട്രേഡ്യൂണിയൻ പ്രസ്ഥാനങ്ങൾക്ക് പോലും ഭൂമിയുടെ ഉടമസ്ഥതയുമായി ബന്ധപ്പെട്ട പ്രശ്നത്തെ പരിഗണിക്കാതെ നിലനില്ക്കാൻ കഴിയില്ല എന്നതാണ് മൂന്നാർ വ്യക്തമാക്കുന്നത്.

ആധുനിക മുതലാളിത്ത വ്യവസ്ഥയിൽ ഭൂമി വിലയേറിയ ഒരു വിഭവമായി മാറിയതോടെ ഭൂമിയുടെ മേലുള്ള കമ്പോളത്തിന്റെ താത്പര്യങ്ങൾ കൂടുകയും പാരിസ്ഥിതിക സന്തുലനം തകർക്കുന്ന തരത്തിൽ ഭൂവിനിയോഗ രീതികൾ മാറുകയും ചെയ്തു. കുത്തകകമ്പനികളിൽ നിന്നും പാട്ടഭൂമി തിരിച്ചുപിടിക്കാൻ പോലും കഴിയാത്തവിധം സർക്കാർ സംവിധാനങ്ങൾ അശക്തമായിരിക്കുന്നു. ഹാരിസൺ മലയാളം പ്ലാന്റേഷൻ കൈവശം വച്ചിരിക്കുന്ന 76769.80 ഏക്കർ ഭൂമിയിൽ അവർക്ക് ഉടമസ്ഥാവകാശമില്ലെന്ന് സർക്കാർ തന്നെ കണ്ടെത്തിയിട്ടും അവരിൽ നിന്നും ഇനിയും മിച്ച ഭൂമി പിടിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. കണ്ണൻദേവൻ കമ്പനി മൂന്നാറിൽ 50,000 ഏക്കർ സർക്കാർ ഭൂമി കൈവശപ്പെടുത്തിയതായി മൂന്നാർ ദൗത്യസംഘം നടത്തിയ പരിശോധനയിൽ കണ്ടെത്തിയിരുന്നു. അക്കാര്യത്തിലും തുടർ നടപടിയൊന്നുമുണ്ടായില്ല. അതിനിടയിലാണ് തോട്ടം ഭൂമിയുടെ അഞ്ച് ശതമാനം മറ്റ് ആവശ്യങ്ങൾക്കായി മാറ്റാമെന്ന നിയമഭേദഗതി നിലവിൽ വരുന്നത്. തോട്ടം ഭൂമി സംബന്ധിച്ച വ്യവസ്ഥകളിൽ ഇളവുനൽകി ഭൂമി മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കാൻ അനുമതി വേണമെന്ന് അപേക്ഷിച്ചിരുന്നത് കണ്ണൻ ദേവൻ കമ്പനിയായിരുന്നു എന്നതും പ്രത്യേകം ശ്രദ്ധിക്കണം. തോട്ടം മേഖലയിലെ പ്രതിസന്ധി മറികടക്കുന്നതിനാണ് നിയമം ഭേദഗതി ചെയ്തതെന്നായിരുന്നു മുഖ്യമന്ത്രിയുടെ വിശദീകരണം. ഭൂരഹിതരെക്കുറിച്ച് ഇല്ലാത്ത അശങ്കയാണ് സ്വകാര്യതോട്ടങ്ങളുടെ കാര്യത്തിലുള്ളത്. എന്തായാലും കമ്പോളം തുറന്നിടപ്പെട്ട ഒരു നവലിബറൽ ലോക സാഹചര്യത്തിൽ തോട്ടങ്ങൾ ലാഭകരമായി നിലനിർത്താമെന്ന പ്രതീക്ഷ മുതലാളിമാർക്കിടയിൽ അസ്തമിക്കുകയാണ്.

പാരിസ്ഥിതികമായും ഏകവിളത്തോട്ടങ്ങൾ വലിയ ഭീഷണി നേരിടുന്നു. ഉഗ്രമായ കീടനാശി പ്രയോഗത്താലല്ലാതെ ഏകവിളകൾക്ക് അതിജീവിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. കാസർഗോഡ് കശുമാവിൻ തോട്ടങ്ങളിൽ സംഭവിച്ചതുപോലെയുള്ള ദുരന്തവാർത്തകൾ പ്ലാന്റേഷൻ മേഖലയിൽ നിന്നെല്ലാം ഉയർന്നുവരാൻ തുടങ്ങിയിരിക്കുന്നു. ഈ പ്രശ്നത്തിന്റെ രൂക്ഷതയും മൂന്നാർ സമരം തുറന്നുകാട്ടി. കേരളത്തിന്റെ കാർഷിക ഭൂമിയുടെ 65 ശതമാനവും തോട്ടങ്ങളാണ്. നാണ്യവിളകൾ കയറ്റിയയച്ച് അതുവഴി കിട്ടുന്ന പണം കൊണ്ട് ഭക്ഷ്യധാന്യങ്ങൾ ഇറക്കുമതി ചെയ്ത് കഴിക്കാം എന്ന ഒരു പഴയ സങ്കൽപ്പത്തിൽ നിന്നുണ്ടായതാണ് ഈ സാഹചര്യം. ഭക്ഷ്യസ്വയംപര്യാപ്തത തകരുന്നതിനും കർഷകർക്കും കർഷകതൊഴിലാളികൾക്കും കൃഷിഭൂമിയിലുള്ള അവകാശങ്ങൾ നിഷേധിക്കുന്നതിനും കാരണമായിത്തീർന്ന ഈ നയത്തെക്കുറിച്ച് ഒരു പുനർചിന്ത വേണ്ട കാലമാണിത്. പ്രത്യേകിച്ച് ഭൂസമരങ്ങളും ജൈവകൃഷി-ഭക്ഷ്യസ്വാശ്രിതത്വ പ്രസ്ഥാനങ്ങളും കേരളത്തിൽ ഒരുപോലെ ശക്തിപ്പെടുന്ന സാഹചര്യത്തിൽ. മൂന്നാറിൽ സ്ത്രീതൊഴിലാളികൾ ഉന്നയിച്ച അവരുടെ ന്യായമായ ആവശ്യങ്ങൾക്കൊപ്പം നിൽക്കുമ്പോൾ തന്നെ ഇക്കാര്യങ്ങൾ കൂടി ചർച്ചയ്ക്കെടുക്കേണ്ട ബാധ്യത കേരളീയ പൊതുസമൂഹത്തിനുണ്ട്. ■